**മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(സാന്നിദ്ധ്യം: ശ്രീ.കെ.ബിജു, ഐ.എ.എസ്)**

വിഷയം:- മൈനിംഗ് & ജിയോളജി വകുപ്പ്- വിവരാവകാശ നിയമം 2005- സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ, അപ്പീൽ അധികാരി എന്നിവരെ നാമനിർദ്ദേശം ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- ഈ കാര്യാലയത്തിൽ നിന്നും 5.1.2018 തീയതിയായി പുറപ്പെടുവിച്ച 639/2017-18/1241/E1/2015 നമ്പർ ഉത്തരവ്

---

**ഉത്തരവ് നം: 484/ഇ1/1241/2018/ഡി.എം.ജി** **തീയതി 04.10.2018**

---

പരാമർശത്തിലെ ഉത്തരവ് പ്രകാരം 2005 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ടി നിയമങ്ങളിലെ ചട്ടം 5ൽ നിഷ്ക്കർഷിക്കും പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പിലെ വിവിധ ആഫീസുകളിലും ആസ്ഥാനകാര്യാലയത്തിലും സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ, അപ്പീൽ അധികാരി എന്നിവരെ നാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഇത്തരത്തിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റം, സ്ഥലമ്മാറ്റം, വിരമിക്കൽ, മറ്റ് സാഹചര്യങ്ങളാൽ സർവ്വീസിൽ നിന്നും വിട്ടുപോകൽ/മാറ്റി നിർത്തൽ തുടങ്ങിയ കാരണങ്ങളാൽ അവർ ജോലിനോക്കുന്ന ആഫീസുകളിൽ നിന്നും വിട്ടുപോകുന്ന സാഹചര്യങ്ങളിൽ വിവരാവകാശ നിയമപ്രകാരം ആഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊള്ളുവാൻ സാധിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിലെ വിവിധ ആഫീസുകളിൽ 2005 ലെ വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ടി നിയമത്തിന്റെ ചട്ടം 5 ൽ നിഷ്ക്കർഷിക്കും പ്രകാരം താഴെ പറയുന്നതായ ഉദ്യോഗസ്ഥരെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ, അപ്പീൽ അധികാരി എന്നീ സ്ഥാനങ്ങളിലേയ്ക്ക് പു:നർനാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം: | സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ | സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ | അപ്പീൽ അധികാരി | അഭിപ്രായ ക്കുറിപ്പ് |
|---|---|---|---|---|
| **I** | **മൈനിംഗ് & ജിയോളജി വകുപ്പ് ആസ്ഥാന കാര്യാലയം,തിരുവനന്തപുരം** | | | |
| 1 | സെക്ഷനുകളിൽ അതാത് സെക്ഷൻ മേധാവികൾ (ജൂനിയർ സൂപ്രണ്ട്/ സീനിയർ സൂപ്രണ്ട്/ആഡിറ്റ് സെക്ഷനിൽ ആഡിറ്റ് ആഫീസർ/കെമിക്കൽ ലാബിൽ സീനിയർ കെമിസ്റ്റ്, ജെം ടെസ്റ്റിംഗ് ലാബിൽ ജിയോളജിസ്റ്റ്) | സെക്ഷനുകളിൽ അതാത് സെക്ഷൻ ക്ലാർക്കുമാർ (ക്ലാർക്ക്/ സീനിയർ ക്ലാർക്ക്)കെമിക്കൽ ലാബിൽ ജൂനിയർ കെമിസ്റ്റ്) | 1.എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ/ജനറൽ സെക്ഷൻ/അക്കൗണ്ട്സ് സെക്ഷൻ/ആഡിറ്റ് സെക്ഷനിലെ ഭരണപരവും, ജീവനക്കാരുടെ വിഷയങ്ങളും എന്നീ സെക്ഷൻ/യൂണിറ്റുകളിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ: **സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ** | ആസ്ഥാന കാര്യാലയത്തിൽ നിന്നും ലഭ്യമാക്കേണ്ടതായ വിവരങ്ങൾ |

| | | | | |
|---|---|---|---|---|
| | | | 2. മൈനിംഗ് ലീസ് സെക്ഷൻ/എക്സ്പ്ലോറേഷൻ സെക്ഷൻ (ജി.ഐ.എസ് ലാബ് ഉൾപ്പെടെ), ആഡിറ്റ് സെക്ഷനിലെ വകുപ്പുതല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, കെമിക്കൽ ലാബ്, ജെം ടെസ്റ്റിംഗ് ലാബ് എന്നീ സെക്ഷൻ/യൂണിറ്റുകളിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ: **ഡെപ്യൂട്ടി ഡയറക്ടർ-1** | |
| **II** | **വിവിധ ജില്ല ആഫീസുകൾ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്)** | | | |
| 1 | അതാത് ജില്ലാ ആഫീസുകളിൽ ജില്ലാ ജിയോളജിസ്റ്റ് (ജില്ല ആഫീസറുടെ ചുമതലയുള്ള ജിയോളജിസ്റ്റ്/ സീനിയർ ജിയോളജിസ്റ്റ്) | അതാത് ജില്ലാ ആഫീസുകളിൽ വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷയിലെ വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലാർക്ക്(ക്ലാർക്ക്/ സീനിയർ ക്ലാർക്ക്) | 1. ഭരണപരവും ജീവനക്കാരുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ: **സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, മൈനിംഗ് & ജിയോളജി വകുപ്പ്, ആസ്ഥാന കാര്യാലയം, കേശവദാസപുരം, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം 695004 ടെലഫോൺ: (0471 2447429)**<br><br>2. വകുപ്പുതല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ: **ഡെപ്യൂട്ടി ഡയറക്ടർ-I മൈനിംഗ് & ജിയോളജി വകുപ്പ്, ആസ്ഥാന കാര്യാലയം, കേശവദാസപുരം, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം 695004 ടെലഫോൺ: (0471 2447429)** | വിവിധ ജില്ലാ ആഫീസുകളിൽ നിന്നും ലഭിക്കേണ്ടതായ വിവരങ്ങൾ |
| **III** | **മിനറൽ സ്ക്വാഡ്, മദ്ധ്യമേഖല, തൃശ്ശൂർ/ഉത്തരമേഖല, കോഴിക്കോട്/ ദക്ഷിണമേഖല, തിരുവനന്തപുരം** | | | |
| 1 | ആഫീസ് മേധാവിയുടെ ചുമതലയുള്ള അതാത് സ്ക്വാഡിലെ | അതാത് സ്ക്വാഡ്/ആഫീസുകളിൽ വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന | 1. ഭരണപരവും ജീവനക്കാരുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ: **സീനിയർ** | വകുപ്പിന്റെ കീഴിൽ മേഖലാടിസ്ഥാനത്തിൽ |

| | | | | |
|---|---|---|---|---|
| | ജിയോളജിസ്റ്റ്/ സീനിയർ ജിയോളജിസ്റ്റ്) | അപേക്ഷയിലെ വിഷയം കൈകാര്യം ചെയ്യുന്ന അസിസ്റ്റന്റ് ജിയോളജിസ്റ്റ് | **അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, മൈനിംഗ് & ജിയോളജി വകുപ്പ്, ആസ്ഥാന കാര്യാലയം, കേശവദാസപുരം, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം 695004 ടെലഫോൺ: (0471 2447429)**<br>2. . വകുപ്പുതല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ:<br>**ഡെപ്യൂട്ടി ഡയറക്ടർ-I മൈനിംഗ് & ജിയോളജി വകുപ്പ്, ആസ്ഥാന കാര്യാലയം, കേശവദാസപുരം, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം 695004 ടെലഫോൺ: (0471 2447429)** | പ്രവർത്തിക്കുന്ന വിവിധ മേഖലാ സ്ക്വാഡ്/ മേഖലാ ആഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ടതായ വിവരങ്ങൾ സംബന്ധിച്ച് |

2. മൈനിംഗ് & ജിയോളജി വകുപ്പുമായി ബന്ധപ്പെട്ട് 2005 ലെ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്നതായ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ഈ ആഫീസിൽ നിന്നും പുറപ്പെടുവിച്ച പരാമർശത്തിലേയും മറ്റ് അനുബന്ധ ഉത്തരവുകളും മുകളിൽ പറയുന്നതായ രീതിയിൽ ഭേദഗതി ചെയ്തിരിക്കുന്നു.

3. 2005 ലെ വിവരാവകാശ നിയമത്തിന്റെ ചട്ടം 4ൽ നിഷ്ക്കർഷിക്കും പ്രകാരം ഈ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ആഫീസുകളിലെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ/ അപ്പീൽ അധികാരി എന്നിവരുടെ പേര്, ഔദ്യോഗിക സ്ഥാനപ്പേര്, ഔദ്യോഗിക മേൽവിലാസം, ടെലിഫോൺ/മൊബൈൽ നമ്പർ മുതലായവ അതാത് ആഫീസ് മേധാവികൾ പ്രസിദ്ധപ്പെടുത്തേണ്ടതും ടി വിവരങ്ങൾ വകുപ്പിലെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

**ഒപ്പ്**
**കെ.ബിജു, ഐ.എ.എസ്**
**മൈനിങ് & ജിയോളജി ഡയറക്ടർ**

1. മൈനിംഗ് & ജിയോളജി വകുപ്പിലെ എല്ലാ ആഫീസ് മേധാവികൾക്കും
2. മൈനിംഗ് & ജിയോളജി വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ എല്ലാ സെക്ഷനുകൾക്കും/ ആഫീസർമാർക്കും
3. ഗവൺമെന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. റ്റി സെക്ഷൻ, മൈനിംഗ് & ജിയോളജി വകുപ്പ്, ആസ്ഥാന കാര്യാലയം, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
5. കരുതൽ ഫയൽ/ആഫീസ് കോപ്പി
6. ഡയറക്ടറുടെ സി.എയ്ക്ക്

**(ഉത്തരവിൻ പ്രകാരം)**

**ജൂനിയർ സൂപ്രണ്ട്**

എൽ.എസ്.11.10